അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ഒഴിച്ചുള്ള ഇൻകം ടാക്സ്.
ടെയിഡ്മാക്ക്
ലൈറ്റ് ഹൗസ്
സ്റ്റോറ്ഫോഴ്സസ്
ബ്രോഡ്കാസ്റ്റിംഗ്
പേറന്റ്സ്, കാപ്പിറൈറ്റ്

(ബി) തങ്ങളുടെ ഭരണകാര്യങ്ങൾ സംബന്ധിച്ച് സംസ്ഥാന ഗവണ്മെന്റിനുതന്നെ ആവശ്യമായവരൊഴികെ കേന്ദ്രകാര്യവുമായി ബന്ധപ്പെട്ട ജോലിയിൽ യഥാർത്ഥത്തിൽ ഏർപ്പെട്ടിരുന്ന ഉദ്യോഗസ്ഥന്മാരെ, കേന്ദ്രഗവണ്മെന്റിന്റെ അനുയോജ്യ ഗ്രേഡുകളിലും നിർണ്ണയിക്കപ്പെട്ടിട്ടുള്ള തീയതിക്കു മുൻപു അവരവർ അനുഭവിച്ചുവന്നിരുന്ന ആനുകൂല്യങ്ങളിൽ ഒട്ടും കുറവില്ലാത്ത വ്യവസ്ഥകളിന്മേലും എടുക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നതു്.

(സി) ഉണ്ടു്.

(ഡി) ഉണ്ടു്.

മിനിസ്റ്റീരിയൽ സ്റ്റാഫ് യൂനിയൻ.

* 1027. [6] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി മിനിസ്റ്റീരിയൽ സ്റ്റാഫ് യൂനിയൻ എന്നൊരു സംഘടന നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സംഘടനയെ ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) അങ്ങനെ ഒരു സംഘടന ഗവണ്മെന്റ് അംഗീകാരത്തിനായി അപേക്ഷിച്ചിട്ടുണ്ടു്.

(ബി) കാര്യം പരിഗണനയിലിരിക്കുകയാണു്.

(സി) ചോദ്യം ഉദിക്കുന്നില്ല.

വ്യവസായ സമാധാനം.

* 1028. [8] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായസമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി ഗവണ്മെന്റിൽ നിന്നും തൊഴിലാളിനേതാക്കളടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ കമ്മറ്റിയെ എത്രതവണ വിളിച്ചുകൂട്ടി;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചവറ, കണ്ടശ്ശാംകടവ് തുടങ്ങിയ സുപ്രധാന തെഴിലാളിസമരങ്ങൾ ഒത്തുതീർപ്പിലെത്തിക്കാൻ ഈ കമ്മീഷനിയുമായി ഗവണ്മെൻറ് ആലോചന നടത്തിയിട്ടുണ്ടോ ;

(ഡി) ഈ കമ്മീഷനിയുടെ ജോലി സ്വഭാവമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീപാദം ഭൂമികൾ.

* 1029. [9] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രത്യേക അവകാശനിഷേധബില്ലിൽപ്പെട്ട ശ്രീപാദം ഭൂമികളെക്കുറിച്ച് ഗവണ്മെൻറ് ശ്രീപാദം അധികൃതരുമായി കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻറെ സ്വഭാവമെന്ത് ;

(സി) ശ്രീപാദം ഭൂമികളിന്മേലുള്ള ദുർവഹമായ നികുതിഭാരം കുറയ്ക്കുവാൻ Special Rights Abolition Bill ഈ സെഷനിൽ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ അവസാന തീരുമാനം ആയിട്ടില്ലാത്തതിനാൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നത് ആശാസ്യമല്ല.

(സി) ഇല്ല. ഇക്കാര്യത്തിൽ വേണ്ട നിയമനിർമ്മാണത്തെപ്പറ്റി കഴിയുന്നതുംവേഗത്തിൽ ഗവണ്മെൻറ് ഒരു തീരുമാനം എടുക്കുന്നതാണ്.

അദ്ധ്യാപകന്മാരുടെ ശമ്പളം.

* 1030. [12] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ് സെക്കൻഡറിസ്കൂൾ അദ്ധ്യാപകന്മാർക്ക് സർക്കാർ സ്കൂൾ അദ്ധ്യാപകന്മാർക്കൊപ്പം ശമ്പളവും അലവൻസും മറ്റും കൊടുക്കാമെന്നുള്ള ഗവണ്മെൻറിൻറെ തീരുമാനം എന്നുമുതൽ നടപ്പിലാക്കാമെന്നാണ് ഗവണ്മെൻറ് പ്രതീക്ഷിക്കുന്നത് ;

(ബി) ഇതുസംബന്ധിച്ച് കേന്ദ്രഗവണ്മെൻറ് വിദ്യാഭ്യാസവകുപ്പിൽനിന്നും എന്തെങ്കിലും അറിയിപ്പ് സംസ്ഥാന ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(സി) ഇതുസംബന്ധിച്ച് സംസ്ഥാന ഗവണ്മെൻറ് കേന്ദ്രഗവണ്മെൻറിനു് എന്തെങ്കിലും എഴുതിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പേ കമ്മീഷൻ റിപ്പോർട്ടിന്മേൽ തീരുമാനം എടുക്കുന്നതോടുകൂടി ഇതു സംബന്ധിച്ചുള്ള തീരുമാനവും എടുക്കുന്നതാണ്.

(ബി) ഉണ്ട്

(സി) ഉണ്ട്. ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly